LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

കൃഷി വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഇടുക്കി ജില്ലയിലെ അരീക്കുഴ ജില്ലാ കൃഷിത്തോട്ടത്തിൽനിന്നും 10 ഏക്കർ സ്ഥലം സ.ഉ.(കൈ) നമ്പർ 488/2013/റവന്യൂ തീയതി 1-11-2013 പ്രകാരം കേരള ഫീഡ്സ് ലിമിറ്റഡിന് കാലിത്തീറ്റ ഫാക്ടറി പണിയുന്നതിനായി വിട്ടുനൽകിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ വലിയതുറ കോക്കനട്ട് നഴ്സറിയിൽനിന്നും 39 സെന്റ് സ്ഥലം തിരുവനന്തപുരം എയർപോർട്ടിന് സ.ഉ.(എംഎസ്.) നമ്പർ 410/2014/ആർ.ഡി. തീയതി 23-9-2014 പ്രകാരം നൽകിയിട്ടുണ്ട്. കോട്ടയം ജില്ലയിൽ കോഴ ജില്ലാ കൃഷിത്തോട്ടത്തിൽനിന്നും 30 ഏക്കർ സ്ഥലം സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിന് കീഴിൽ സയൻസ് സെന്റർ സ്ഥാപിക്കുന്നതിന് വേണ്ടി സ.ഉ.(സാധാ) നമ്പർ 593/2013/കൃഷി തീയതി 3-4-2013 പ്രകാരം കൈമാറിയിട്ടുണ്ട്.

പാലക്കാട് ജില്ലയിൽ ISDF എരുത്തേമ്പതിയിൽ നിന്നും 93.82 സെന്റ് സ്ഥലം കേരള സ്റ്റേറ്റ് സീഡ് ഡവലപ്മെന്റ് അതോറിറ്റി, അയ്യന്തോൾ തൃശ്ശൂർ എന്ന സ്ഥാപനത്തിന് കൈമാറിയിട്ടുണ്ട്. HDF മലമ്പുഴയിൽനിന്നും 7 സെന്റ് സ്ഥലം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിനായി വിട്ടുനൽകിയിട്ടുണ്ട്. പത്തനംതിട്ട ജില്ലയിൽ, പന്തളം കുരമ്പ് വിത്തുല്പാദന കേന്ദ്രത്തിന്റെ ഭാഗമായുള്ള കോന്നി ജൈവകൃഷിത്തോട്ടത്തിന്റെ 2.1868 ഹെക്ടർ സ്ഥലം നിർദ്ദിഷ്ട കോന്നി മെഡിക്കൽ കോളേജിന്റെ റോഡ് നിർമ്മാണത്തിനുവേണ്ടി വിട്ടുനൽകിയിട്ടുണ്ട്. കൃഷി വകുപ്പിന്റെ തിരുവനന്തപുരം ആനയറ AUWM-ന്റെ (കാർഷിക നഗര മൊത്ത വ്യാപാര വിപണി) അധീനതയിലുള്ള 3 1/2 ഏക്കർ സ്ഥലം കെ.എസ്.ആർ.ടി.സി. ബസ് ഡിപ്പോ പണിയുന്നതിന് പാട്ടവ്യവസ്ഥയിൽ കൈമാറിയിട്ടുണ്ട്. ആനയറ കാർഷിക മൊത്ത വ്യാപാര വിപണി AUWM-ലെ തന്നെ 37 1/2 സെന്റ് സ്ഥലം കേരള സ്റ്റേറ്റ് ഹോർട്ടിക്കൾച്ചറൽ ഡവലപ്മെന്റ് കോർപ്പറേഷന്റെ റീജിയണൽ പ്രൊക്യൂർമെന്റ് സെന്ററിന് വിട്ടുകൊടുത്തിട്ടുണ്ട്.

ജൈവകൃഷി പ്രോത്സാഹിപ്പിക്കാനായി പദ്ധതി

262 (1702) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ജൈവകൃഷി പ്രോത്സാഹിപ്പിക്കാനായി ഇപ്പോൾ നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമാണ് ; എത്ര ഗുണഭോക്താക്കൾക്കാണ് ഇതിന്റെ പ്രയോജനം ലഭിച്ചതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

പരമ്പരാഗത കൃഷി രീതികൾ, വളപ്രയോഗം, സംസ്കരണം എന്നിവയെക്കുറിച്ചുള്ള അറിവുകൾ സംരക്ഷിക്കുകയും അവയുടെ മേന്മ വർദ്ധിപ്പിക്കുകയും ചെയ്ത് ജൈവകൃഷി കേരളത്തിൽ പ്രോത്സാഹിപ്പിക്കുന്നതിന് 10-2-2010-ലെ സ.ഉ.(പി) 39/2010/കൃഷി പ്രകാരം ഒരു ജൈവകൃഷി നയം പ്രഖ്യാപിച്ചിട്ടുണ്ട്. 2012-ൽ ജൈവ ജില്ലയായി പ്രഖ്യാപിച്ച കാസർഗോഡ് ജില്ലയിൽ 2013-14 ജൈവകൃഷി പദ്ധതി ബോധവത്ക്കരണ പരിപാടികൾ നടപ്പാക്കിയും കർഷക ക്ലസ്റ്ററുകൾ രൂപീകരിച്ചും ഇക്കോഷോപ്പുകൾ സ്ഥാപിച്ചും വിപുലപ്പെടുത്തി ജില്ലയിലെ 41 പഞ്ചായത്തുകളിലായി 5215 കർഷകർക്ക് പരിശീലനം ലഭ്യമാക്കി. ജൈവ പച്ചക്കറി കൃഷി ചെയ്യുവാൻ 15-25 ഹെക്ടർ വിസ്തീർണ്ണത്തിൽ 287 ക്ലസ്റ്ററുകൾക്ക് രൂപം കൊടുത്തു. ക്ലസ്റ്ററുകൾ അടിസ്ഥാനമായി 15500 കർഷകർ ജൈവകൃഷി ചെയ്യുന്നു. ഈ പദ്ധതിയിലൂടെ 423 മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകൾ 11895 നാടൻ കമ്പോസ്റ്റ് യൂണിറ്റുകളും നിർമ്മിച്ച് 35000 ടൺ ജൈവവളം ഉല്പാദിപ്പിച്ച് ജൈവകാർഷിക ഉല്പന്നങ്ങളുടെ വിപണനത്തിനായി 6 ഇക്കോഷോപ്പുകൾ ആരംഭിച്ചിട്ടുണ്ട്. 82 കർഷകരുടെ കൃഷിയിടങ്ങളിൽ ജൈവകൃഷി മാതൃകാ കൃഷിത്തോട്ടങ്ങൾ സ്ഥാപിച്ചു. 2014-15 വർഷം ജില്ലയിൽ 2500 ഹെക്ടർ പ്രദേശത്ത് ജൈവകൃഷി സർട്ടിഫിക്കേഷൻ നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. 2016 വർഷത്തോടെ കേരളം ജൈവ സംസ്ഥാനമാക്കുവാനുള്ള ശ്രമത്തിന്റെ ഭാഗമായി സമ്പൂർണ്ണ ജൈവ കാർഷിക സംസ്ഥാനം എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്.

പൈനാപ്പിൾ, ഇഞ്ചി, വാഴ, പച്ചക്കറി, കശുമാവ്, കുരുമുളക് തുടങ്ങിയ ഹോർട്ടിക്കൾച്ചർ വിളകളെയാണ് ദേശീയ ഹോർട്ടിക്കൾച്ചർ മിഷന്റെ ജൈവകൃഷി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ദേശീയ ഹോർട്ടിക്കൾച്ചർ മിഷന്റെ ജൈവകൃഷി പദ്ധതി പ്രകാരം ഹെക്ടറിന് 20,000 രൂപ മൊത്തം ചെലവ് കണക്കാക്കി 50 ശതമാനം സബ്സിഡിയായി 10,000 രൂപ അനുവദിക്കുന്നതാണ്. കൂടാതെ ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതി പ്രകാരം കർഷകർക്ക് മണ്ണിര കമ്പോസ്റ്റ് നിർമ്മാണം ജൈവ സർട്ടിഫിക്കേഷൻ എന്നിവയ്ക്ക് ധനസഹായം നൽകി വരുന്നു. 2014-15 സാമ്പത്തിക വർഷത്തിൽ ജൈവകൃഷി വ്യാപനവും സർട്ടിഫിക്കേഷനും എന്ന ഘടകം നടപ്പിലാക്കുന്നതിന്റെ ആദ്യ ഘട്ടമായി 500 ഹെക്ടർ വീതം ഭൗതിക ലക്ഷ്യം കാസർഗോഡ്, വയനാട്, ഇടുക്കി ജില്ലകൾക്ക് നൽകുകയും ഇത് നടപ്പിലാക്കുന്നതിനായി 2063 കർഷകരെ തെരഞ്ഞെടുക്കുകയും ചെയ്തു. വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പ്രദർശനത്തോട്ടങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. രാസവളങ്ങളുടെയും കീടനാശിനികളുടെയും അനിയന്ത്രിതമായ ഉപയോഗം മൂലമുണ്ടാകുന്ന ദുഷ്യഫലങ്ങളെ കുറിച്ച് ജനങ്ങളിൽ

അവബോധം സൃഷ്ടിക്കുവാൻ കാമ്പെയ്നുകളും പരിശീലന ക്ലാസ്സുകളും നടത്തുന്നുണ്ട്. 2012-13 സാമ്പത്തിക വർഷം സംസ്ഥാനമൊട്ടാകെ പതിനാല് ജില്ലകളിലായി 26 പ്രദർശനത്തോട്ടങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷം 1250 ഹെക്ടറിൽ ജൈവ പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനായി 187.5 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കുന്നുണ്ട്. ആറായിരത്തോളം കർഷകർക്കാണ് ഈ പദ്ധതിയുടെ പ്രയോജനം ലഭ്യമാകുന്നത്.

നെൽകൃഷി വ്യാപിപ്പിക്കുന്നതിനുള്ള നടപടി

263 (1703) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നെൽകൃഷി വ്യാപിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; ഇതിന് ഫലം കണ്ടോ എന്ന് വ്യക്തമാക്കാമോ ; ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ എത്ര ഹെക്ടർ നെൽപ്പാടമായിരുന്ന തരിശ്ശു കിടന്നിരുന്നത് എന്ന് വ്യക്തമാക്കാമോ ; തരിശ്ശു കിടന്ന നെൽപ്പാടങ്ങളിൽ എത്ര ഹെക്ടർ സ്ഥലത്ത് അധികമായി ഇപ്പോൾ കൃഷി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) തരിശ്ശു കിടന്ന നെൽപ്പാടങ്ങളിൽ കൃഷിയിറക്കാൻ കർഷകർക്ക് സഹായം നൽകാറുണ്ടോ ; ഉണ്ടെങ്കിൽ ഏതൊക്കെ ഏജൻസികൾവഴി ഇങ്ങനെ സഹായം നൽകുന്നുണ്ട് ; എന്തൊക്കെ സഹായങ്ങളാണ് നൽകാറുള്ളതെന്ന വിശദമാക്കാമോ;

(സി) കഴിഞ്ഞ വർഷം നെൽകൃഷിയിറക്കി കടക്കെണിയിലായ കർഷകരുടെ എണ്ണം ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര കർഷകർ ഇത്തരത്തിൽ കടക്കെണിയിലായി എന്ന് വ്യക്തമാക്കാമോ ; ഇവർ കൃഷി ചെയ്ത് നഷ്ടത്തിലായതിന്റെ കാരണം പഠിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(ഡി) ഇത്തരത്തിൽ നെൽകൃഷി ചെയ്ത് കടത്തിലായ കർഷക കുടുംബങ്ങൾക്ക് എന്തെങ്കിലും ധനസഹായം ഏർപ്പെടുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തൊക്കെ ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(ഇ) അടുത്ത കൃഷിയിറക്കാൻ ഇവർക്ക് മുൻകൂറായി എന്തൊക്കെ സഹായങ്ങൾ ചെയ്ത കൊടുക്കാനാണ് നടപടി സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് നെൽകൃഷി വ്യാപിപ്പിക്കുന്നതിനായി 2011-12 വർഷം 8408.836 ലക്ഷം രൂപ, 2012-13 വർഷം 9562.95 ലക്ഷം രൂപ, 2013-14 വർഷം 11240.47 ലക്ഷം രൂപയും വിവിധ നെൽകൃഷി വികസന പദ്ധതികൾ കർഷകർക്ക്

LIBRARY ARCHIVES Kerala Legislative Assembly